# പതിനാലാം കേരള നിയമസഭ
# (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2168** **05.05.2017-ൽ മറുപടിയ്ക്ക്**

## നെയ്യാറ്റിൻകര പരുത്തിയൂരിൽ പാലം നിർമ്മാണം

| ചോദ്യം<br>ശ്രീ.കെ. ആൻസലൻ | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ തീരപ്രദേശമായ പൊഴിയൂർ പരുത്തിയൂരിൽ 2013-14-ൽ അനുവദിച്ച പുതിയ പാലത്തിന്റെ പണികൾ ആരംഭിക്കുന്നതിന് എന്താണ് തടസ്സം എന്ന് വിശദീകരിക്കാമോ; | എ) അപ്രോച്ച് റോഡിനു വേണ്ടിയുള്ള സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് നൽകാത്തതുമൂലം നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച തീരപ്രദേശമായ പൊഴിയൂരിലെ ക്ഷേത്രനട പാലം, വെള്ളമണൽ പാലം എന്നിവയുടെ നിർമ്മാണത്തിനായി തുടർനടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞില്ല. |
| ബി) പ്രസ്തുത പാലത്തിനു സൗജന്യമായി സ്ഥലം നൽകാൻ പഞ്ചായത്ത് തീരുമാനമെത്തിട്ടുപോലും പണി തുടങ്ങുന്നതിന് ഉദ്യോഗസ്ഥതലത്തിൽ വീഴ്ചയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | ബി) ഉദ്യോഗസ്ഥ തലത്തിൽ ഇതു സംബന്ധിച്ച് വീഴ്ചകളൊന്നും ഉണ്ടായിട്ടില്ല. സ്ഥലം ലഭിക്കുന്നതിനുള്ള കാലതാമസമാണ് നിർമ്മാണ പ്രവൃത്തികൾ താമസിക്കാനിടയാക്കിയത്. സെപ്റ്റംബർ 2013 ൽ ഭരണാനുമതി ലഭിച്ചുവെങ്കിലും അപ്രോച്ച് റോഡിനുള്ള സ്ഥലം ലഭ്യമാക്കുന്നതിനുവേണ്ടി പലതവണ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും 05/01/2017 ൽ മാത്രമാണ് സ്ഥലം ഏറ്റെടുത്ത് നൽകാമെന്ന ഉറപ്പ് പഞ്ചായത്ത് അധികാരികളിൽ നിന്നും ലഭിച്ചത്. സ്ഥലം ഇപ്പോഴും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കൈമാറി ലഭിച്ചിട്ടില്ല. സ്ഥലം കൈമാറി ലഭിച്ചാൽ മാത്രമേ നിർമ്മാണം സംബന്ധിച്ച് നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| സി) പരുത്തിയൂർ പാലത്തിന്റെ നിർമ്മാണ പ്രവർത്തനം 2017 മേയ് 31-ന് മുമ്പ് ആരംഭിക്കാൻ കഴിയുമോ? | സി) പഞ്ചായത്ത് സ്ഥലം ഏറ്റെടുത്ത് നൽകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**